(ബി) ഗവണ്മെന്റ് ഇക്കാര്യത്തിൽ എന്തു നടപടിയെടുത്തു ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ) :

(എ) ഉണ്ട്. ഗ്രാൻറ് വല്ലിപ്പിക്കുക, വായ്പകൊടുക്കുക, വില്പനനികുതിയിൽനിന്നു ഒഴിവാക്കുക ഇത്തരം കാര്യങ്ങളെപ്പറ്റി.

(ബി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

## കടിൽവ്യവസായ കമ്മിറ്റി

*൫൨. (നമ്പർ) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടിൽവ്യവസായ കമ്മിറ്റിയുടെ പ്രവർത്തനം എത്രത്തോളമായി;

(ബി) വല്ല റിപ്പോർട്ടും കമ്മിറ്റി ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു് ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ) :

(എ) കമ്മിറ്റിറിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ട വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. അതോടൊന്നിച്ചു അതാതുസമയം ഗവണ്മെന്റിൽനിന്നു പ്രത്യേക കാര്യങ്ങളിൽ ആവശ്യപ്പെടുന്ന ഉപദേശം നൽകുന്നുമുണ്ട്.

(ബി) ഉണ്ട്. ഇതുവരെ ചെയ്ത പ്രവർത്തനങ്ങളെപ്പറ്റി മാത്രമാണു്.

## ബസ്സുപകടങ്ങൾ

*൫൩. (നമ്പ) ശ്രീ. കോന്നനാത്തു കണ്ണിരാമമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ടാൻസ്പോർട്ട്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫെബ്രുവരി ജൂലായ് ഫ—ാംതീ മുതൽ ഫെബ്രുവരി ജൂലായ് ന—ാംതീ വരെ ഐക്യസംസ്ഥാനത്തു ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര ബസ്സുപകടങ്ങൾ ഉണ്ടായി;

(ബി) മേൽപറഞ്ഞ കാലങ്ങളിൽ പ്രൈവറ്റ് സർവ്വീസ്സ് ബസ്സിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്;

(സി) ഇപ്രകാരം ഉണ്ടായിട്ടുള്ള അപകടങ്ങൾ സംബന്ധിച്ചു വല്ല പ്രതിഫലങ്ങളും, ജീവാപായംവന്നവർക്കോ തൊഴിൽമുടക്കംവന്നവർക്കോ കൊടുത്തിട്ടുണ്ടോ ;

(ഡി) കഴിഞ്ഞപ്രാവശ്യയിൽവെച്ചുണ്ടായ ടാൻസ്പോർട്ട് ബസ്സുപകടത്തിൽ ടാൻസ്പോർട്ടിലെ എത്ര തൊഴിലാളികൾക്കു അപകടം പറ്റി;

(ഇ) അപ്രകാരം അപകടം പറ്റിയവർക്കു പ്രതിഫലമായി ഗവണ്മെന്റിൽനിന്നും വല്ല ധനസഹായവും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുവീതം നൽകിയിട്ടുണ്ടു് ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

(എ) മറുപടിയുണ്ടു്.

(ബി) തൊണ്ണൂറിമൂന്നു്.

(സി) ഉണ്ടു്.

(ഡി) പോർട്ടർ മുതിയടയുകയും മെഡുവക്കും കണ്ടക്ടർക്കും സാരമായ പരുക്കുകൾ സംഭവിക്കുകയും ഉണ്ടായിട്ടുണ്ടു്.

(ഇ) ഉണ്ടു്. പരുക്കേറ്റു് കൊല്ലത്തും പുനലൂരും ആശുപത്രികളിൽ പ്രവേശിപ്പിച്ചു് വേണ്ട പ്രഥമ ശുശ്രൂഷകൾ ചെയ്തവകയിൽ ഏകദേശം ഫണ്ണണ.

LIBRARY ARCHIVES Kerala Legislative Assembly